## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2342

2014 ഡിസംബർ 9-ാം തീയതി മറുപടി നല്കേണ്ടത്

### മണ്ഡലം ആസ്ഥിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പ്രവൃത്തികൾ

ചോദ്യം

ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തി യാക്കിയ പ്രവൃതതികൾക്ക് നിലവിൽ എൽ.സി. നൽകുന്ന നടപടി എപ്രകാരമാണെന്ന് വിശദമാക്കാമോ; | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. കേരളാ ഹൈക്കോടതിയുടെ CCC.803/2000 ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് ചീഫ് ഇഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ആസ്തിവികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| ബി) PWD മുഖേന ചെയ്യുന്ന പ്രവൃത്തികൾ സീനിയോരിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ മുഖേന ചെയ്യുന്നത് ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ച് തുക (LC) നൽകുന്ന നടപടി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | പി.ഡബ്ല്യൂ.ഡി. മുഖേന ചെയ്യുന്ന പ്രവർത്തികൾ സീനിയോരിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ ചെയ്യുന്ന പ്രവർത്തികൾ ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ച് തുക നൽകുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ചീഫ് ഇൻഞ്ചിനീയർമാർ അറിയിക്കുന്നു. പൊതുമരാമത്ത് വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തികൾ മറ്റ് ഏജൻസികൾ മുഖേന ചെയ്യുമ്പോഴും സംസ്ഥാനതല മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ചെയ്യുന്ന പ്രവർത്തികളുടെ ബില്ലുകൾ സംസ്ഥാന തല മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| സി) ഒരേ പദ്ധതിയുടെ കീഴിൽ വിവിധ ഏജൻസി മുഖേന ചെയ്യുന്ന പ്രവൃത്തികൾക്ക് ഒരേ തരത്തിൽ തുക (LC) നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമല്ലാതെ മറ്റ് ഏജൻസികളും ചെയ്യുന്ന പ്രവർത്തികൾ 21.07.2014 സ.ഉ.(പി) 304/14/ധന പ്രകാരം സംസ്ഥാന തല മുൻഗണനാ ക്രമത്തിൽ അനുവദിക്കേണ്ടതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ